**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5599 — 18.11.2019 ൽ മറുപടിക്ക്

**കണ്ണുപരിശോധനയ്ക്കായി സ്പെഷ്യലിസ്റ്റ് ആശുപത്രികൾ**

| | ചോദ്യം<br>ശ്രീ.രാജു എബ്രഹാം | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ആരോഗ്യ വകുപ്പിന്റെ ഉടമസ്ഥതയിൽ കണ്ണു പരിശോധിക്കുന്നതിനായി എത്ര സ്പെഷ്യലിസ്റ്റ് ആശുപത്രികളുണ്ട്; അവ എവിടെയൊക്കെയെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് കുടുംബാരോഗ്യ കേന്ദ്രങ്ങൾ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ നിശ്ചിത ദിവസങ്ങളിലും താലൂക്കാശുപത്രികൾ, ജില്ലാ ആശുപത്രികൾ, ജനറൽ ആശുപത്രികൾ എന്നിവിടങ്ങളിൽ എല്ലാദിവസവും കാഴ്ച പരിശോധകരുടെ നേതൃത്വത്തിൽ കാഴ്ച പരിശോധനയ്ക്കായുള്ള സേവനം സൗജന്യമായി ലഭ്യമാണ്. കൂടാതെ ജനറൽ ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, തിരഞ്ഞെടുക്കപ്പെട്ട താലൂക്കാശുപത്രികൾ എന്നിവിടങ്ങളിൽ നേത്രരോഗ വിദഗ്ധരുടെ സേവനം ലഭ്യമാക്കിയിട്ടുള്ളതാണ്. ആയതിലൂടെ ഇവിടങ്ങളിൽ നേത്ര സംബന്ധമായ സ്പെഷ്യലിസ്റ്റ് ചികിൽസകൾ ലഭ്യമാക്കിയിട്ടുള്ളതാണ്. സംസ്ഥാനത്തെ ആരോഗ്യ വകുപ്പിന്റെ ഉടമസ്ഥതയിൽ കണ്ണുപരിശോധനയ്ക്കായും ശസ്ത്രക്രിയകൾ ഉൾപ്പടെയുള്ള വിദഗ്ധ നേത്രരോഗ ചികിൽസക്കായും നേത്രരോഗ വിദഗ്ധരുടെ നേതൃത്വത്തിൽ ഉള്ള സ്പെഷ്യലിസ്റ്റ് ആശുപത്രികളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | സംസ്ഥാനത്ത് തിമിര രോഗികളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇവർക്ക് സംസ്ഥാനത്ത് തന്നെ സൗജന്യ തിമിര ശസ്ത്രക്രിയയും തുടർ ചികിത്സയും ഉറപ്പാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ബി) | സംസ്ഥാനത്ത് തിമിര രോഗികളെ കണ്ടെത്തി ചികിൽസിക്കുന്നതിനായി ജില്ലാ, ജനറൽ, തിരഞ്ഞെടുക്കപ്പെട്ട താലൂക്കാശുപത്രികൾ കേന്ദ്രീകരിച്ച് നേത്രരോഗ വിദഗ്ധരുടെ നേതൃത്വത്തിൽ തിമിര ശസ്ത്രക്രിയ നടന്നു വരുന്നു. കൂടാതെ മൊബൈൽ യൂണിറ്റുകൾ വഴിയും, ക്യാമ്പുകൾ സംഘടിപ്പിച്ചും തിമിര രോഗികളെ കണ്ടെത്തി ബന്ധപ്പെട്ട് ആശുപത്രികളിൽ എത്തിച്ച് സൗജന്യമായി തിമിര ശസ്ത്രക്രിയയും തുടർ ചികിത്സയും നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ

തിരുവനന്തപുരം

അനുബന്ധം

ജില്ലാആശുപത്രികൾ 2 എണ്ണം
ജനറൽ ആശുപത്രികൾ - 2 എണ്ണം
താലൂക്കാശുപത്രികൾ - 4 എണ്ണം

കൊല്ലം
ജില്ലാആശുപത്രികൾ - 1 എണ്ണം
താലൂക്കാശുപത്രികൾ - 3 എണ്ണം

പത്തനംതിട്ട
ജില്ലാആശുപത്രികൾ - 1 എണ്ണം
ജനറൽ ആശുപത്രികൾ - 2 എണ്ണം
താലൂക്കാശുപത്രികൾ - 1 എണ്ണം

ആലപ്പുഴ
ജില്ലാആശുപത്രികൾ - 2 എണ്ണം
ജനറൽ ആശുപത്രികൾ - 1 എണ്ണം
താലൂക്കാശുപത്രികൾ - 4 എണ്ണം

കോട്ടയം
ജില്ലാആശുപത്രികൾ - 1 എണ്ണം
ജനറൽ ആശുപത്രികൾ - 2 എണ്ണം
താലൂക്കാശുപത്രികൾ - 3 എണ്ണം

ഇടുക്കി
ജില്ലാആശുപത്രികൾ - 2 എണ്ണം
താലൂക്കാശുപത്രികൾ - 3 എണ്ണം

എറണാകുളം
ജില്ലാആശുപത്രികൾ - 1 എണ്ണം
ജനറൽ ആശുപത്രികൾ - 2 എണ്ണം
താലൂക്കാശുപത്രികൾ - 5 എണ്ണം

തൃശ്ശൂർ
ജില്ലാആശുപത്രികൾ - 2 എണ്ണം
ജനറൽ ആശുപത്രികൾ - 1 എണ്ണം
താലൂക്കാശുപത്രികൾ - 4 എണ്ണം

പാലക്കാട്
ജില്ലാആശുപത്രികൾ - 1 എണ്ണം
താലൂക്കാശുപത്രികൾ - 4 എണ്ണം
ഗവണ്മെൻറ് ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രി - [illegible] എണ്ണം

മലപ്പുറം
ജില്ലാആശുപത്രികൾ - 2 എണ്ണം
ജനറൽ ആശുപത്രികൾ - 1 എണ്ണം
താലൂക്കാശുപത്രികൾ - 5 എണ്ണം

കോഴിക്കോട്
ജില്ലാആശുപത്രികൾ - 1 എണ്ണം
ജനറൽ ആശുപത്രികൾ - 1 എണ്ണം
താലൂക്കാശുപത്രികൾ - 4 എണ്ണം

വയനാട്
ജില്ലാആശുപത്രികൾ - 1 എണ്ണം
ജനറൽ ആശുപത്രികൾ - 1 എണ്ണം
താലൂക്കാശുപത്രികൾ - 1 എണ്ണം

കണ്ണൂർ
ജില്ലാആശുപത്രികൾ - 1 എണ്ണം
ജനറൽ ആശുപത്രികൾ - 1 എണ്ണം
താലൂക്കാശുപത്രികൾ - 4 എണ്ണം

കാസർഗോഡ്
ജില്ലാആശുപത്രികൾ - 1 എണ്ണം
ജനറൽ ആശുപത്രികൾ - 1 എണ്ണം

Hari
സെക്ഷൻ ഓഫീസർ